**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **10-10-2024 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിലെ എയർപോർട്ട് ലിങ്ക് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തളിപ്പറമ്പ് മണ്ഡലത്തിലെ ചൊറുക്കള-ബാവുപ്പറമ്പ-മയ്യിൽ-കൊളോളം എയർപോർട്ട് ലിങ്ക് റോഡിന്റെ സർവേ പ്രവൃത്തികൾ സംബന്ധിച്ച പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | തളിപ്പറമ്പ് മണ്ഡലത്തിലെ ചൊറുക്കള-ബാവുപ്പറമ്പ്-മയ്യിൽ-കൊളോളം എയർപോർട്ട് ലിങ്ക് റോഡിന്റെ ഫീൽഡ് സർവെ ജോലി കൾ പൂർത്തീകരിച്ചിട്ടുണ്ട്. (കുടാളി വില്ലേജ് മുട്ടന്നൂർ ദേശത്ത് റീസർവെ നമ്പർ 1 ഒഴികെ) ആകെയുള്ള 262 സർവെ നമ്പറുകളിൽ 261 എണ്ണം സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 245 സർവെ നമ്പറുകൾ ജില്ലാ സർവെ സൂപ്രണ്ട് ഓഫീസിൽ നിന്നും സ്കൂട്ടണി ജോലികൾ പൂർത്തീകരിച്ച് തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്നവ പുരോഗതിയിലാണ്. 242 സബ്ഡിവിഷനുകൾ വ്യക്തിഗത സർവെ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സബ്ഡിവിഷനുകൾ പുരോഗതിയിലാണ്. |
| (ബി) | പ്രസ്തുത സർവേയിൽ ഭൂമി സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കുടാളി അംശം മുട്ടന്നൂർ ദേശത്ത് റീസർവെ നമ്പർ 1 ഉൾപ്പെട്ട ഭൂമിയിൽ റിക്കാർഡ് പ്രകാരം റോഡ് ആയി കാണിച്ചിട്ടുള്ള ഭൂമിയിൽ കുറച്ചുഭാഗം നിലവിൽ സ്വകാര്യ കൈവശങ്ങൾ ഉള്ളതായി കാണുന്നു. ഈ വിഷയത്തിൽ വ്യക്തത വരുത്തി സർവെ നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ